കേരളസർക്കാർ
ഇറിഗേഷൻ സബ് ഡിവിഷൻ തൃശ്ശൂർ
<u>ലേല പരസ്യം</u>

ഡബ്ല്യൂ2-1521/18 തിയ്യതി: 06/03/2019

**പൂലക്കാട്ടുകര ഷട്ടർ പാലം നിർമ്മിക്കുന്നതിനായി ജലസേചന വകുപ്പിൻെറ വാച്ച്മാൻ കോർട്ടേഴ്സ് പൊളിച്ചുമാറ്റാനുള്ള അവകാശം 2019 മാർച്ച് 13-ാം തിയതി രാവിലെ 11 മണിക്ക്** തൃശ്ശൂർ ഇറിഗേഷൻ സബ് ഡിവിഷൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറോ അദ്ദേഹം അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥനോ തൃശ്ശൂർ ഇറിഗേഷൻ സബ് ഡിവിഷൻ കാര്യാലയത്തിൽ വെച്ച് പരസ്യമായി ലേലം ചെയ്തു കൊടുക്കുന്നതാണ്. പ്രസ്തുത ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ 1600 രൂപ നിരതദ്രവ്യം കെട്ടിവെക്കേണ്ടതാണ്. ലേലത്തിന് നേരിട്ട് പങ്കെടുക്കുവാൻ കഴിയാത്തവർ **12/03/2019, ഉച്ചതിരിഞ്ഞ് 5 മണിക്ക്** മുൻപായി മുകളിൽ പേരെഴുതി വെച്ച ദർഘാസും ഇറിഗേഷൻ സബ് ഡിവിഷൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിൽ പ്ളെഡ്ജ് ചെയ്ത 1600/രൂപയുടെ ഡിമാന്റ് ഡ്രാഫ്റ്റ് സഹിതം തൃശ്ശൂരിലുള്ള ഇറിഗേഷൻസബ് ഡിവിഷൻ ഓഫീസിൽ സമർപ്പിക്കേണ്ടതാണ്.

പരസ്യലേലത്തിന് ശേഷം ഓഫീസിൽ ലഭിച്ചിട്ടുള്ള ദർഘാസുകൾ തുറന്നു പരിശോധിച്ച് പരസ്യലേലത്തുകയും ദർഘാസുകളിൽ രേഖപ്പെടുത്തിയ തുകകളും പരിഗണിച്ച് ഏറ്റവും കൂടുതൽ തുക വാഗ്ദാനം ചെയ്ത വ്യക്തികളുടെ പേരിൽ ഉത്തരവു പ്രകാരം ലേലം സ്ഥിരപ്പെടുത്തി നൽകുന്നതാണ്. ലേലം കൊണ്ട വ്യക്തി ലേലതുകയും ജി.എസ്.ടിയും ചേർത്ത തുക അന്നേ ദിവസം തന്നെ'0701 - 01 - 800 - 99 -മറ്റിനങ്ങൾ'' എന്ന ശീർഷകത്തിൽ കേരളത്തിലെ ട്രഷറികളിൽ ഒടുക്കേണ്ടതും, 14 ദിവസത്തിനകം ലേലം കൊണ്ട സാധനങ്ങൾ സ്വന്തം ചെലവിലും ഉത്തവാദിത്ത്വത്തിലും നീക്കം ചെയ്യേണ്ടതാണ്.

പൊതുമരാമത്ത്, ജലസേചന വകുപ്പുകളിൽ നിലവിലുള്ള എല്ലാ വ്യവസ്ഥകളും ഈ ലേലത്തിനും ബാധകമായിരിക്കും ഈ ലേലം സംബന്ധിച്ച് കൂടുതൽ വിവരങ്ങൾ മാഞ്ഞാംകുഴി ഇറിഗേഷൻ സെക്ഷൻ അസിസ്റ്റന്റ് എഞ്ചിനീയറുടെ ഓഫീസിൽ നിന്നും ലഭിക്കുന്നതാണ്.

<u>ലേല വസ്തുകൾ</u>

1. പഴയ മേച്ചിൽ ഓട്- 513 എണ്ണം.
2. പഴയ മൂല ഓട് -33 എണ്ണം.
3. കരിങ്കല്ല് -3.895 $M^3$
4. മരം കൊണ്ടുള്ള കതകിൻേറയും ജനലിൻേറയും ഫ്രെയിം - -0.17 $M^3$
5. മരം കൊണ്ടുള്ള വാതിലിൻെറയും ജനലിൻേയും പലക- -0.132075 $M^3$
6. കഴുക്കോൽ- -0.22344 $M^3$
7. പട്ടിക-128 meter.
8. ജനൽകമ്പി- 58.608 kg
9. ഇഷ്ടിക-9.68 $M^3$
10. മേൽതട്ട്-0.11238 $M^3$

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ
ASSISTANT EXECUTIVE ENGINEER
IRRIGATION SUB DIVISION
THRISSUR

<u>ശരിപകർപ്പ്</u>

1. പബ്ളിക് ഇൻഫോർമേഷൻ ഓഫീസർ, തൃശ്ശൂർ.(പത്രപരസ്യം നൽകുന്നതിലേക്ക്)
2. ഐ.ടി.സെൽ, തിരുവനന്തപുരം.
3. എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഇറിഗേഷൻ ഡിവിഷൻ, തൃശ്ശൂർ അറിവിലേക്ക്
4. അസിസ്റ്റന്റ് എഞ്ചിനീയർ, ഇറിഗേഷൻ സെക്ഷൻ, മാഞ്ഞാംകുഴി.
5. നോട്ടീസ് ബോർഡ്.
6. ഹെഡ് ക്ലർക്ക്.
7. നെൻമണിക്കര വില്ലേജ്. 8. നെൻമണിക്കര പഞ്ചായത്ത്.,
9. മുകുന്ദപുരം താലൂക്ക്. 10. പ്രസ്തുത കെട്ടിടത്തിലേക്ക്

OFFICE OF THE ASSISTANT EXECUTIVE ENGINEER
Date.. .... ..............
IRRIGATION SUB DIVISION TRICHUR